# Deepika

## 23 August 2018

## Kochi: Flood, Flood relief fund, Flood renovation, Drinking Water



### കുടിവെള്ളം സൗജന്യമായി പരിശോധിക്കും

**കൊച്ചി:** പ്രളയക്കെടുതി ബാധിച്ച പ്രദേശങ്ങളിലെ ജലസ്രോതസുകളിൽനിന്ന് എടുക്കുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിൽ (കുഫോസ്) സൗജന്യമായി പരിശോധിക്കും. കുഫോസിന്റെ ജല-മണ്ണ് ലാബോറട്ടറിയാണു പൊതുജനങ്ങൾക്കായി ഈ സൗകര്യമൊരുക്കുന്നത്. 27 മുതൽ പരിശോധനയ്ക്കുള്ള ജല സാംപിൾ സ്വീകരിക്കും. 24 മണിക്കൂറിനകം പരിശോധന ഫലം ലഭിക്കും.

കുടിവെള്ള സ്രോതസുകൾ മലിനമായതിന്റെ തോത്, വെള്ളത്തിലെ ഓക്സിജന്റെ അളവ്, സാന്ദ്രത, ലവണാംശം, രാസമാലിന്യം കലർന്നിട്ടുണ്ടോ, ഇ കോളി മുതലായ ബാക്ടീരിയകളുടെ സാന്നിധ്യം എന്നിവ പരിശോധനയിലൂടെ അറിയാം. കുഫോസിന്റെ പനങ്ങാടുള്ള പ്രധാന കാമ്പസിലാണ് സാംപിൾ എത്തിക്കേണ്ടത്.

പൊതുകുളം, നദി, തടാകങ്ങൾ എന്നിവയുടെ രാസഘടനയിൽ ഉണ്ടായ മാറ്റങ്ങൾ പരിശോധിക്കാനും പ്രതിവിധികൾ കണ്ടെത്താനുമുള്ള സംവിധാനവും കുഫോസിൽ ലഭ്യമാണ്. യാത്രാസൗകര്യം ഒരുക്കിയാൽ കേരളത്തിൽ എവിടെയും കുഫോസിലെ ശാസ്ത്രസംഘം എത്തി സൗജന്യമായി പരിശോധന നടത്തുമെന്ന് അധികൃതർ അറിയിച്ചു. ഫോൺ: 9446467185, 9446838319, 9526735671.